# യോഹന്നാന്റെ ജീവപഠനം

## ദൂത് മുപ്പത്തിനാല്

## ത്രിയേകദൈവത്തിന്റെ ജൈവരൂപം ദിവ്യപ്രകർച്ചയിൽ

## (2)

Mon

### H. വസിക്കുക

### *1. നാം മുന്തിരിവള്ളിയുടെ ശാഖകളാണ് എന്ന വസ്തുത കാണുക*

മുമ്പിലത്തെ ദൂതിൽ നാം ചൂണ്ടിക്കാണിച്ചതുപോലെ, നമുക്ക് മുന്തിരിവള്ളിയിൽ വസിക്കണമെങ്കിൽ, നാം മുന്തിരവള്ളിയുടെ ശാഖകളാണ് എന്ന വസ്തുത നാം കാണണം(വാ.5). നാം ക്രിസ്തുവിൽ വസിക്കുന്നത്, നാം മുന്തിരിവള്ളിയുടെ ശാഖകളാണ് എന്ന വ്യക്തമായ ദർശനം കാണുന്നതിനെ ആശ്രയിച്ചിരിക്കുന്നു. നാം ഇപ്പോൾ തന്നെ അവനിലാണ് എന്നു കാണുന്നുവെങ്കിൽ, നമുക്ക് അവനിൽ വസിക്കുവാൻ കഴിയും. നാം അവനിൽ നിന്ന് അകന്നു നിൽക്കേണ്ട ആവശ്യമില്ല.

### *2. പുത്രനിൽ വസിക്കുക, തുടരുക*

നാം മുന്തിരിവള്ളിയിലെ ശാഖകളാണെന്ന വസ്തുത നാം കണ്ടുകഴിഞ്ഞാൽ, നാമും മുന്തിരിവള്ളിയും തമ്മിലുള്ള കൂട്ടായ്മ നാം നിലനിർത്തണം. ഏത് തടസ്സവും മുന്തിരിച്ചെടിയുടെ സമ്പന്നമായ സഹായത്തിൽനിന്ന് നമ്മെ വേർതിരിക്കും. ഒരു ചെറിയ അനുസരണക്കേടോ, ഒരു പാപമോ, പാപകരമായ ഒരു ചിന്തപോലുമോ, മുന്തിരിവള്ളിയുടെ ഐശ്വര്യങ്ങളിൽനിന്ന് നമ്മെ വേർപെടുത്തുന്നതായ അകൽച്ചയാകാം. നാം അത്തരം കാര്യങ്ങളെ ശാസിക്കാതെ അവയുമായി ചേർന്നിരിക്കുകയാണെങ്കിൽ, അവ നമ്മെ മുന്തിരിച്ചെടിയുടെ സമ്പന്നമായ സഹായത്തിൽനിന്ന് അകറ്റും. നാം ശാഖകളാണെന്ന് ഒന്നാമത് നാം കാണണം. പിന്നെ, നാമും കർത്താവും തമ്മിലുള്ള കൂട്ടായ്മ നാം നിലനിർത്തണം. അവന്റെയും നമ്മുടെയും ഇടയിൽ

യാതൊന്നും ഉണ്ടാകാൻ പാടില്ല."ഇടയിൽ യാതൊന്നുമില്ല, കർത്താവേ, ഇടയിൽ യാതൊന്നുമില്ല(*Nothing between Lord, Nothing between*)''എന്ന വാക്കുകൾകൊണ്ട് ആരംഭിക്കുന്ന ഒരു കീർത്തനം നമ്മുടെ കീർത്തനഗ്രന്ഥത്തിലുണ്ട്. ഒരു ചെറിയ കാര്യത്തിനുപോലും നമ്മെ മുന്തിരിച്ചെടിയുടെ സമ്പന്നമായ പകർച്ചയിൽനിന്ന് അകറ്റുവാൻ കഴിയുമെന്ന് അനുഭവത്തിൽനിന്ന് നമുക്കറിയാം."കർത്താവേ, നിന്റെ സമ്പന്നമായ പകർച്ചയിൽനിന്ന് എന്നെ വേർതിരിക്കുന്നതായ യാതൊന്നും നിനക്കും എനിക്കും ഇടയിൽ ഉണ്ടാകരുതേ"എന്നു നാം കർത്താവിനോട് പ്രാർത്ഥിക്കേണ്ടത് ആവശ്യമാണ്.

### *3. നമ്മിൽ വസിക്കുവാൻ പുത്രനെ അനുവദിക്കുക*

പുത്രനെ നമ്മിൽ വസിക്കുവാൻ നാം അനുവദിക്കണം(വാ.4-5). ഇത് വളരെ അർത്ഥപൂർണ്ണമാണ്. നാം അവനിൽ വസിക്കുകയും അവൻ നമ്മിൽ വസിക്കുകയും ചെയ്യുന്നു. എന്നാൽ, പലപ്പോഴും നമ്മിൽ വസിക്കുവാൻ നാം അവന് സ്ഥലം, ഇടം കൊടുക്കുന്നില്ല. നമ്മുടെ ഉള്ളിലുള്ള അവന്റെ വാസം വ്യാപിപ്പിക്കുവാൻ കർത്താവ് ആഗ്രഹിക്കുന്നു. എങ്കിലും, അവന്റെ വാസം പരിമിതപ്പെടുത്തുവാൻ നാം ഇഷ്ടപ്പെടുന്നു. നാം അവനെ പരിമിതപ്പെടുത്തുന്നു. ഉള്ളിൽ വസിക്കുന്ന ക്രിസ്തുവിനും നമുക്കും ഇടയിൽ ഒരു ശാന്തമായ, ഒരു സ്ഥിരമായ പോരാട്ടം ഉണ്ട്. ക്രിസ്തുവിന്റെ നിവാസം നമ്മുടെ ഉള്ളിൽ ക്രമേണ വ്യാപിക്കുമ്പോൾ, ഉള്ളിൽ എന്തോ ചിലത് ക്രിസ്തുവിന്റെ ഈ നിവാസത്തെ പരിമിതപ്പെടുത്തുന്നു. ഇഞ്ചിഞ്ചായിപോലും ക്രമേണ കൂടുതൽ ഇടം നേടുവാൻ നിവസിക്കുന്ന ക്രിസ്തു ആഗ്രഹിക്കുന്നു. എന്നാൽ, ചിലപ്പോൾ അവൻ ഒരിഞ്ച് നേടുന്നതിനെ സംബന്ധിച്ചുപോലും ഒരു പോരാട്ടം ഉണ്ട്. ഒരു ഇഞ്ച് കൂടി നേടുവാൻ ക്രിസ്തു ആഗ്രഹിക്കുന്നു. എന്നാൽ അപ്രകാരം ചെയ്യുന്നതിൽനിന്ന് നാം അവനെ തടയുന്നു. തൽഫലമായി നാം അവനുമായി വിലപേശുന്നു. കർത്താവുമായി നിങ്ങൾ വിലപേശുന്നില്ലെങ്കിൽ, നിങ്ങൾ മൂന്നാം സ്വർഗ്ഗത്തിലുള്ള ഒരു ക്രിസ്ത്യാനി ആയിരിക്കണം. ഒരുപക്ഷേ ഇന്നും നമ്മിൽ പലരും അവനോട് വിലപേശിയിട്ടുണ്ട്."ഞങ്ങൾ അവനാൽ തകർക്കപ്പെട്ടിരിക്കുന്നു,"എന്നു നാം വിളിച്ചുപറയുമെങ്കിലും, അപ്പോഴും ഉള്ളിൽ നാം ഇങ്ങനെ പറഞ്ഞേക്കാം, "കർത്താവായ യേശുവേ, ഞാൻ ഇത്രമാത്രം നിനക്കു തരും. നിനക്ക് കൂടുതൽ ഇടം നൽകുവാൻ എനിക്കു കഴിയുകയില്ല. കർത്താവേ, എന്നോട് കരുണയുണ്ടാകണമേ. നിനക്ക് മറ്റൊരു അരയിഞ്ച് നൽകുവാൻ ഞാൻ തയ്യാറാകുന്നതുവരെ ക്ഷമിക്കണമേ. അതുവരെ കർത്താവേ, നീ ആയിരിക്കുന്നിടത്തുതന്നെ നിൽക്കണമേ," നാം ഇത്

കേൾക്കത്തക്കവണ്ണം പറയുകയില്ലെങ്കിലും, പലപ്പോഴും നമ്മുടെ ഉള്ളിൽ ആഴത്തിൽ നമുക്ക് ഈ ചിന്തയുണ്ട്."മറ്റൊരു അഞ്ച് ഇഞ്ചു കൂടി എടുക്കുവാൻ ഞാൻ താല്പര്യപ്പെടുന്നു,"എന്ന് കർത്താവ് പറഞ്ഞേക്കാം. അപ്പോൾ നിങ്ങൾ അവനുമായി ഒരിക്കൽകൂടി വിലപേശുവാൻ ആരംഭിക്കുന്നു. അതുകഴിഞ്ഞ്, അവൻ തന്റെ മുഖം ഒരു വശത്തേക്ക് തിരിച്ച് നിശ്ശബ്ദനായിരിക്കുന്നു. കൂടുതലെന്തെങ്കിലും നിങ്ങളോട് സംസാരിക്കുവാൻ അവൻ വിസമ്മതിക്കുകയും നിങ്ങൾക്ക് അവന്റെ സാന്നിദ്ധ്യം നഷ്ടമാവുകയും ചെയ്യുന്നു. കർത്താവ് ആഗ്രഹിച്ച അഞ്ച് ഇഞ്ച് സ്ഥലം നിങ്ങൾ നേടിയെങ്കിലും, നിങ്ങൾക്ക് അവന്റെ സാന്നിദ്ധ്യം നഷ്ടപ്പെട്ടു. നമുക്ക് അവനുമായുള്ള കൂട്ടായ്മ കാക്കുവാനും നമ്മുടെ ഉള്ളിൽ കൂടുതൽ ഇടം എടുക്കുവാനും നമ്മുടെ ഉള്ളിൽ വികസിക്കുവാൻ അവനെ അനുവദിക്കുവാനും തയ്യാറാകേണ്ടത് നമുക്ക് എത്രയോ ആവശ്യമാണ്! അവൻ ആഗ്രഹിക്കുന്നത്രയും സ്ഥലം എടുക്കുവാനും, നമ്മുടെ ഉള്ളിൽ വികസിക്കുവാനും നമുക്ക് കർത്താവിനെ അനുവദിക്കാം. ഇത് നാം ചെയ്യുന്നുവെങ്കിൽ, നമുക്ക് യഥാർത്ഥമായ ജീവന്റെ വളർച്ചയുണ്ടാകും. ഉള്ളിൽ ജീവന്റെ വളർച്ച നാം കാണും.

എന്തുകൊണ്ട് പല വിശുദ്ധന്മാരും ജീവനിൽ വേണ്ടവണ്ണം വളരാതിരിക്കുന്നു? അവർ അവരുടെ ഉള്ളിൽ വളരുവാൻ കർത്താവിനെ അനുവദിക്കാത്തതുകൊണ്ടുതന്നെ. ഒരു അകൽച്ചയും ഇല്ലായിരിക്കാം. എന്നാൽ വളരെയധികം പരിമിതിയുണ്ട്. നിവസിക്കുക എന്ന ഈ കാര്യം വളരെ ലോലവും മൃദുലവുമാണ്. നാം രണ്ടു കാര്യങ്ങൾ ശ്രദ്ധിക്കണമെന്നത് ദയവായി ഓർക്കുക-യാതൊരു അകൽച്ചയും ഉണ്ടാകാതിരിക്കുക എന്നതും യാതൊരു പരിമിതിയും ഉണ്ടാകാതിരിക്കുക എന്നതും. അകൽച്ച നീക്കിക്കളയുന്നത് പരിമിതി മാറ്റുന്നതിനെക്കാൾ എളുപ്പമാണ്. നിങ്ങൾ ഈ ദൂത് വായിക്കുമ്പോൾപോലും എല്ലാ പരിമിതിയും എടുത്തുമാറ്റുവാൻ നിങ്ങൾ തയ്യാറല്ലായിരിക്കാം എന്ന ആശങ്ക എനിക്കുണ്ട്. കർത്താവ് ക്ഷമയുള്ളവനും ദയാലുവുമായതിനാൽ അവനു സ്തോത്രം. അവൻ ഒരിക്കലും നിങ്ങളെ ഉപേക്ഷിക്കുകയില്ല. അവൻ കാത്തിരിക്കുന്നു. ഏറിയാൽ അവൻ തന്റെ മുഖം തിരിക്കും. അതുമാത്രമേ അവൻ ചെയ്യുകയുള്ളൂ. എന്നാൽ അവൻ ഇവിടെത്തന്നെ ഉണ്ടാകും. നമ്മുടെ ആന്തരിക ആളത്തത്തിന്റെ ഓരോ മൂലയിലേക്കും വീഥിയിലേക്കും വ്യാപിക്കുവാൻ അവനെ അനുവദിച്ചുകൊണ്ട് നമ്മുടെ ഉള്ളിൽ വികസിക്കുവാൻ അവന് എപ്പോഴും ഇടം നൽകത്തക്കവണ്ണം കരുണയ്ക്കും കൃപയ്ക്കുമായി നമുക്ക് അവങ്കലേക്ക് നോക്കാം. ഇതാണ് ജീവനിൽ വളർച്ച ഉണ്ടാക്കുവാനുള്ള മാർഗ്ഗം.

### *4. പുത്രനെ പിരിഞ്ഞ് നമുക്ക് യാതൊന്നും ചെയ്യുവാൻ കഴിയുകയില്ല*

പുത്രനെ പിരിഞ്ഞ് നമുക്ക് യാതൊന്നും ചെയ്യുവാൻ കഴിയുകയില്ല(വാ.5). മുന്തിരിവള്ളിയുടെ ശാഖയ്ക്ക് തനിയെ ജീവിക്കുവാൻ കഴിയുകയില്ല, കാരണം അത് മുന്തിരിവള്ളിയിൽനിന്ന് വേർപിരിഞ്ഞാൽ ഉണങ്ങിക്കരിഞ്ഞുപോകും. ശാഖകളും മുന്തിരിവള്ളിയും തമ്മിലുള്ള ബന്ധം നാമും കർത്താവും തമ്മിലുള്ള ബന്ധത്തെ ചിത്രീകരിക്കുന്നു. അവനെ പിരിഞ്ഞ്, നാം യാതൊന്നുമല്ല, നമുക്ക് യാതൊന്നും ഇല്ല, നമുക്ക് ഒന്നും ചെയ്യുവാൻ കഴിയുകയും ഇല്ല. നാം ആയിരിക്കുന്നതും നമുക്ക് ഉള്ളതും നാം ചെയ്യുന്നതും കർത്താവിലും നമ്മിലുള്ള കർത്താവിനാലും മാത്രമായിരിക്കണം. കർത്താവിൽ വസിക്കേണ്ടത് നമുക്കും നമ്മിൽ വസിക്കേണ്ടത് കർത്താവിനും വളരെ പ്രധാനമാണ്. അങ്ങനെയല്ലെങ്കിൽ, നാം അവസാനിക്കുകയും ഏതുമല്ലാതാവുകയും ചെയ്യും. അവനെ പിരിഞ്ഞ് നാം യാതൊന്നുമല്ല, നമുക്ക് യാതൊന്നുമില്ല, നമുക്ക് യാതൊന്നും ചെയ്യുവാനും കഴിയുകയില്ല. നാം കർത്താവിന് ശാഖകളും, കർത്താവ് നമുക്ക് മുന്തിരിവള്ളിയും ആയതിനാൽ, നാം അവനിൽ വസിക്കുകയും നമ്മിൽ വസിക്കുവാൻ അവനെ നാം അനുവദിക്കുകയും വേണം.

Tue

### *5. പുത്രന്റെ തത്സമയ വചനങ്ങൾ നമ്മിൽ വസിക്കുവാൻ അനുവദിക്കുക*

നാം കർത്താവിൽ വസിക്കുന്നതുപോലെ, അവന്റെ വചനങ്ങൾ നമ്മിൽ വസിക്കുവാൻ നാം അനുവദിക്കണം(വാ.7). ഈ വാക്യത്തിൽ "വചനങ്ങൾ" എന്ന് ഭാഷാന്തരം ചെയ്തിരിക്കുന്ന ഗ്രീക്ക് പദം, റീമാ ആണ്. അതിനർത്ഥം തത്സമയവും ഇപ്പോഴത്തേതുമായ പറയപ്പെട്ട വചനം എന്നാണ്. കർത്താവിന്റെ തത്സമയ വചനങ്ങൾ നമ്മിൽ വസിക്കുവാൻ അനുവദിക്കുന്നത് വളരെ ക്ഷമ ആവശ്യമായിരിക്കുന്ന ഒരു കാര്യമാണ്. നമ്മിൽ തന്റെ നിവാസം വ്യാപിപ്പിക്കുവാൻ പുത്രൻ താല്പര്യപ്പെടുന്നു. അവൻ നമ്മിൽ വസിക്കുമ്പോൾ അവനെപ്പോഴും സംസാരിക്കുന്നു. ഈ സംസാരമാണ് റീമ, തത്സമയ വചനം. അവൻ നമ്മോട് പ്രധാനമായും ഒരു വാക്ക് സംസാരിക്കുന്നു-അരുത്. എന്നാൽ, ചിലപ്പോൾ അവന്റെ സംസാരം ഒരു അനുശാസനമോ ആജ്ഞയോ ആണ്. നാം അവനെ സ്നേഹിക്കുകയും അവന്റെ തത്സമയ വചനങ്ങൾ പാലിക്കുകയും ചെയ്യേണ്ടത് നമുക്കെത്രമാത്രം ആവശ്യമാണ്! അവൻ തത്സമയ റീമ സംസാരിക്കുമ്പോൾ, നാം അത് ശ്രദ്ധിക്കുകയും അത് പാലിക്കുകയും വേണം. നാം ഈ തത്സമയ വചനം പാലിക്കുന്നില്ലെങ്കിൽ, നാം പെട്ടെന്നുതന്നെ കൂട്ടായ്മയിൽനിന്ന് വേർപെട്ടുപോകും. എന്നാൽ, അത് പാലിക്കുകയാണെങ്കിൽ, നാം അവന്റെ നിറവിന്റെ, അവന്റെ ജീവന്റെ സകല ഐശ്വ

ര്യങ്ങളും ആഗിരണം ചെയ്യുകയും ഫലംകായിക്കുന്നതിനുവേണ്ടി ജീവന്റെ കവിഞ്ഞൊഴുക്ക് ഉണ്ടാവുകയും ചെയ്യും.

4-ഉം 5-ഉം വാക്യങ്ങളിൽ കർത്താവ് നമ്മിൽ വസിക്കുന്നു എന്ന് അവൻ നമ്മോട് പറയുന്നു, എന്നാൽ 7-ാം വാക്യത്തിൽ അവന്റെ വചനങ്ങൾ നമ്മിൽ വസിക്കുന്നു എന്നു പറയുവാൻ അവൻ തന്റെ വാക്കുകൾ അല്പം മാറ്റുന്നു. കർത്താവുതന്നെ നമ്മിൽ വസിക്കുന്ന തിനുപകരം ഇപ്പോൾ അവന്റെ വചനങ്ങളാണ് നമ്മിൽ വസിക്കുന്നത്. കർത്താവ് എന്തുകൊണ്ട്,"എന്നിൽ വസിക്കുവിൻ ഞാൻ നിങ്ങളിൽ വസിക്കും"എന്നത് "എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ" എന്ന് മാറ്റി? അതിന്റെ കാരണം കർത്താവിന്റെ നിവാസം അതിൽ തന്നെ വളരെ മാർമ്മികവും വളരെ വസ്തുനിഷ്ഠവും ആണ് എന്ന താണ്. കർത്താവ് നമ്മിൽ വസിക്കുന്നു എന്നു പറയുന്നതുതന്നെ നമ്മുടെ ഗ്രാഹ്യശക്തിക്ക് അതീതമായ ഒന്നാണ്. ഉദാഹരണത്തിന്, കർത്താവ് യെഹൂദന്മാരായ ആളുകളോട് താൻ ഭക്ഷണമാണെന്നും ജീവന്റെ അപ്പമാണെന്നും ആളുകൾക്ക് തന്നെ ജീവനുള്ള ഭക്ഷണ മായും ജീവനുള്ള അപ്പമായും ഭക്ഷിക്കുവാനും ഉപജീവിക്കുവാനും കഴിയുമെന്നും പറഞ്ഞപ്പോൾ, യെഹൂദന്മാർ അതു മനസ്സിലാക്കുവാൻ കഴിയാതെ അമ്പരക്കുകയും അശ്ചര്യപ്പെടുകയും ചെയ്തു. അവനെ ഭക്ഷിക്കുകയും അവനെക്കൊണ്ട് ഉപജീവിക്കുകയും ചെയ്യുക എന്ന തിന്റെ അർത്ഥം എന്താണെന്ന് അവർ തമ്മിൽ ചോദിച്ചു. അപ്പോൾ കർത്താവായ യേശു അവരോട് തന്റെ മാംസം സാക്ഷാൽ ഭക്ഷണവും തന്റെ രക്തം സാക്ഷാൽ പാനീയവും ആകുന്നു എന്നു പറഞ്ഞു(6:55). തന്റെ രക്തം തന്റെ മാംസത്തിൽനിന്ന് വേർപെടുവാനായി താൻ മരിക്കണമെന്നേ കർത്താവ് അർത്ഥമാക്കിയുള്ളു. മരണപുനരുത്ഥാ നങ്ങളിലൂടെ അവനെത്തന്നെ നമ്മിലേക്ക് പകരുവാൻ അവനു കഴി യേണ്ടതിന് അവൻ മരിക്കണമായിരുന്നു. യെഹൂദന്മാരുടെ പെസഹാ യുടെ പശ്ചാത്തലത്തിന്റെ കാഴ്ചപ്പാടിലാണ് കർത്താവ് ഇതെല്ലാം പറഞ്ഞത്. പെസഹായുടെ സമയത്ത് യെഹൂദന്മാർ എല്ലായ്പ്പോഴും കുഞ്ഞാടിനെ അറുക്കുകയും അതിന്റെ രക്തം കട്ടിളമേൽ തളിക്കുക യും, അതിന്റെ മാംസം ഭക്ഷിക്കുകയും ചെയ്തിരുന്നു. യെഹൂദന്മാർക്ക് അത്തരം ഒരു പശ്ചാത്തലം ഉണ്ടെന്ന് അറിഞ്ഞുകൊണ്ട് താൻ പറ ഞ്ഞതെന്തെന്ന് അവർ മനസ്സിലാക്കണമെന്നു കർത്താവ് ഉദ്ദേശിച്ചു. അതുകൊണ്ടായിരുന്നു, തന്റെ മാംസം ഭക്ഷ്യയോഗ്യവും തന്റെ രക്തം പാനയോഗ്യവും ആണെന്ന് കർത്താവ് പറഞ്ഞത്. എന്നിരുന്നാലും, അവർക്ക് മനസ്സിലാക്കുവാൻ കഴിയാതെ,"ഈ മനുഷ്യന് എങ്ങനെ യാണ് അവന്റെ മാംസം ഭക്ഷിക്കുവാനായി ഞങ്ങൾക്ക് നൽകുവാൻ കഴിയുക"എന്ന് അവർ പരസ്പരം ചോദിച്ചു. അപ്പോൾ, മാംസം ഒന്നിനും ഉപകരിക്കുന്നില്ലെന്നും ജീവിപ്പിക്കുന്നത് ആത്മാവാകുന്നു

വെന്നും കർത്താവ് അവർക്ക് ചൂണ്ടിക്കാണിച്ചുകൊടുത്തു(6:63). കർത്താവ് അവരോട് സംസാരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു എന്നും അവൻ പറഞ്ഞു.

കർത്താവ് എവിടെയാണെന്നും അവൻ എന്താണെന്നും ഇതിനാൽ നമുക്ക് കാണാം. കർത്താവ് സ്വർഗ്ഗത്തിലാണെന്നും അവൻ ആത്മാവും ജീവനും ആണെന്നും നിങ്ങൾ പറയുമായിരിക്കും. നിങ്ങൾ പറയുന്നത് ശരിയാണ്, എന്നാൽ ഇതും അത്യധികം ആത്മീയവും മാർമ്മികവും വസ്തുനിഷ്ഠവുമാണ്. എങ്ങനെ ഇത് നമുക്ക് യാഥാർത്ഥ്യമാക്കാം, എങ്ങനെയിത് നമുക്ക് അനുഭവനിഷ്ഠവും പ്രാപ്യവും ആക്കാം എന്നതാണ് പ്രശ്നം. അത് ആത്മീയമായിരിക്കുന്നതിനു പകരം, സാക്ഷാലുള്ളതും മാർമ്മികമായിരിക്കുന്നതിനു പകരം, പ്രാപ്യവും ഉപദേശപരമായിരിക്കുന്നതിനു പകരം, പ്രയോജനപ്രദവും ആകേണ്ടത് ആവശ്യമാണ്. അതേ, കർത്താവ് മുന്തിരിവള്ളിയും നാം ശാഖകളും ആണെന്നും, നാം അവനിൽ വസിക്കുന്നുവെങ്കിൽ, അവൻ തീർച്ചയായും നമ്മിൽ വസിക്കുമെന്നും നമുക്കറിയാം. എന്നാൽ കർത്താവ് ഇന്ന് എവിടെയാണെന്നും എന്താണെന്നും ഉള്ളതാണ് പ്രശ്നം. അതായത്, അവൻ എങ്ങനെ പ്രായോഗികമായി നമുക്ക് പ്രാപ്യനാകും?

കർത്താവ് നമ്മിൽ വസിക്കുന്നതിന്, അവന്റെ വചനങ്ങൾ നമ്മിൽ വസിക്കുവാൻ നാം അനുവദിക്കണം. കർത്താവ് നമുക്ക് അനുഭവസിദ്ധനാകുവാനുള്ള സാധ്യമായ ഏക മാർഗ്ഗം അവന്റെ വചനങ്ങളാണ്. എന്തു മാർഗ്ഗത്താൽ നാം സുവിശേഷം കേൾക്കുകയും കർത്താവിനെ നമ്മുടെ രക്ഷകനായി സ്വീകരിക്കുകയും ചെയ്തു? അത് അവന്റെ വചനങ്ങളാലായിരുന്നു. നാം അവന്റെ വചനം സ്വീകരിച്ചപ്പോൾ, വാസ്തവത്തിൽ നാം കർത്താവിനെത്തന്നെ സ്വീകരിച്ചു. കാരണം കർത്താവ് അവന്റെ വചനത്തിലാണ്. അവൻ തന്നെ വചനം ആണ്. ഇതേ തത്ത്വപ്രകാരം, നമ്മിൽ വസിക്കുന്നതിന് കർത്താവിനെ അനുവദിക്കുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ, അവന്റെ വചനങ്ങൾ നമ്മിൽ വസിക്കുവാനും നാം അനുവദിക്കണം. ഇപ്പോൾ നമ്മുടെ കൈകളിൽ കർത്താവിന്റെ വചനങ്ങൾ നിറഞ്ഞ തിരുവെഴുത്തുകൾ നമുക്കുള്ളതുകൊണ്ട്, കർത്താവ് നമ്മിൽനിന്ന് വളരെ ദൂരെയാണെന്നും അവനിപ്പോഴും മാർമ്മികനാണെന്നോ സാക്ഷാലുള്ളവൻ ആയിരിക്കുന്നതിനുപകരം അവനിപ്പോഴും ആത്മികനാണെന്നോ നാം പറയരുത്. വളരെ സാക്ഷാലുള്ളതും ലഭ്യമായതും അനുഭവസിദ്ധവുമായ ഒന്ന് നമ്മുടെ കൈകളിൽ നമുക്കുള്ളതുകൊണ്ട് കർത്താവിനു സ്തോത്രം. നമുക്ക് വചനം ഉണ്ട്. നമുക്ക് വചനം വായിക്കുവാനും നമ്മുടെ ഹൃദയംകൊണ്ടും നമ്മുടെ ആത്മാവുകൊണ്ടും അത് സ്വീകരിക്കുവാനും കഴിയും. നമുക്ക് കർത്താവിന്റെ വചനം ദിനം

തോറും നിമിഷംതോറും പോലും നമ്മുടെ ആത്മാവിൽ സ്പർശിക്കുവാൻ കഴിയും. കർത്താവിന്റെ വചനത്തെ നാം സ്പർശിക്കുമ്പോഴെല്ലാം നാം കർത്താവിനെത്തന്നെ സ്പർശിക്കുന്നു.

നാം നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ, 7-ാം വാക്യത്തിൽ "വചനങ്ങൾ"എന്ന പദം ഗ്രീക്ക് ഭാഷയിൽ ലോഗോസ് അല്ല റീമ ആണ്, ലോഗോസ് എഴുതപ്പെട്ട വചനമാണ്; എന്നാൽ, റീമ തത്സമയ വചനം, ഒരു പ്രത്യേക ഉദ്ദേശ്യത്തിനുവേണ്ടി ആ നിമിഷത്തിൽതന്നെ കർത്താവ് നിങ്ങളോട് സംസാരിച്ച വചനം, ആണ്. നമ്മുടെ അനുഭവപ്രകാരം, നാം നമ്മെത്തന്നെ കർത്താവിന്റെ കൂട്ടായ്മയിൽ കാക്കുകയാണെങ്കിൽ, ഉള്ളിൽ നമുക്ക് എല്ലായ്പ്പോഴും കർത്താവിൽനിന്നുള്ള റീമ ഉണ്ടായിരിക്കും. സംസാരിക്കപ്പെടുകയോ എഴുതപ്പെടുകയോ ചെയ്ത ഒരു ദൂതുപോലെ പുറമേയുള്ള വചനമാണ് ലോഗോസ്; ഇപ്പോഴത്തെ ആന്തരിക വചനമാണ് റീമ. നമുക്ക് ലോഗോസ് നമ്മുടെ കൈകളിലാണ് ഉള്ളത്, എന്നാൽ നമുക്ക് റീമ നമ്മുടെ ആത്മാവിലാണ് ഉള്ളത്. ജീവിക്കുന്ന ക്രിസ്തുവിന്റെ ആവിഷ്കാരമായി എഴുതപ്പെട്ട വചനമാണ് ലോഗോസ്; നമുക്ക് ആവശ്യമുള്ള സമയത്തുതന്നെ ക്രിസ്തുവിന്റെ ആത്മാവിനാൽ നമ്മുടെ ഉള്ളിൽ സംസാരിക്കുന്ന വചനമാണ് റീമ. ഉദാഹരണത്തിന്, ഒരു പക്ഷേ നിങ്ങൾ മറ്റൊരു സഹോദരനുമൊത്ത് കൂട്ടായ്മയിലായിരിക്കുമ്പോൾ, സംസാരം നിറുത്തുവാൻ ഉള്ളിലെന്തോ നിങ്ങളോട് പറയുന്നു; ഇതാണ് റീമ. ഒരുപക്ഷേ ഇന്നു ചെയ്യുവാൻ നിങ്ങളാഗ്രഹിക്കുന്ന ഒരു പ്രത്യേക കാര്യത്തെക്കുറിച്ച് നിങ്ങൾ ചിന്തിക്കുകയായിരിക്കും. എന്നാൽ, വീണ്ടും അതു ചെയ്യരുത് എന്ന് നിങ്ങളുടെ ഉള്ളിൽ എന്തോ നിങ്ങളോട് പറയുന്നു. ഇതും റീമയാണ്.

നാം ക്രിസ്തുവിൽ വസിക്കുന്നു എന്നും ക്രിസ്തു നമ്മിൽ വസിക്കുന്നു എന്നും അവ്യക്തമായി നാം പറയരുത്. നാം കൂടുതൽ സൂക്ഷ്മതയുള്ളവരായിരിക്കുകയും രണ്ടുതരം വചനങ്ങളുമായി, പുറമേയുള്ള വചനവും അകമേയുള്ള വചനവുമായി, നമ്മുടെ പുറമേയുള്ളതായ, തിരുവെഴുത്തുകളിലെ വചനവും നമ്മുടെ ഉള്ളിലുള്ളതായ, ആത്മാവിലുള്ള വചനവുമായി നാം ഇടപെടണം എന്ന് ഗ്രഹിക്കുകയും വേണം. നാം ക്രിസ്തുവിൽ വസിക്കുവാനും ക്രിസ്തുവിനെ നമ്മിൽ വസിക്കുവാൻ അനുവദിക്കുവാനും ആഗ്രഹിക്കുന്നുവെങ്കിൽ, തീർച്ചയായും നാം രണ്ടുതരത്തിലുള്ള വചനങ്ങളുമായി ഇടപെടണം. ഈ രണ്ടു വ്യത്യസ്ത വചനങ്ങളെ മനസ്സിലാക്കുന്നതിൽ നാം പരാജയപ്പെട്ടാൽ, നമ്മെത്തന്നെ കർത്താവുമായുള്ള ബന്ധത്തിൽ സൂക്ഷിക്കുക അസാദ്ധ്യവും, കർത്താവ് നമ്മിൽ വസിക്കുന്നതിനുവേണ്ടി നാം കർത്താവിൽ വസിക്കുക നമുക്ക് തികച്ചും അസാദ്ധ്യവും ആയിരിക്കും. അതുകൊണ്ട്, നാം പുറമേയുള്ള എഴുതപ്പെട്ട

വചനവും അകമേയുള്ള ജീവനുള്ള വചനവുമായി ഇടപെടണം, കാരണം പുറമേയുള്ള എഴുതപ്പെട്ട വചനം നിമിത്തം നമുക്ക് മാർമ്മികനായ കർത്താവിന്റെ വിശദീകരണവും നിർവചനവും ആവിഷ്കാരവും, അകമേയുള്ള ജീവനുള്ള വചനം നിമിത്തം നമുക്ക് നിവസിക്കുന്ന ക്രിസ്തുവിന്റെ അനുഭവവും പ്രായോഗികനായ കർത്താവിന്റെ സാന്നിദ്ധ്യവും ഉണ്ട്.

കർത്താവ് വളരെ മാർമ്മികനാണ്. ഇക്കാരണത്താൽ, അവനെ നമുക്ക് നമ്മുടെ വിഭാവനയാൽ മനസ്സിലാക്കുവാൻ ഒരിക്കലും കഴിയുകയില്ല. പിന്നെയോ ബൈബിളിലെ അറുപത്തിയാറ് പുസ്തകങ്ങളും നാം വായിക്കണം. ഈ അറുപത്തിയാറ് പുസ്തകങ്ങളും പദാനുപദമായി നാം വായിക്കണം, കാരണം എല്ലാ വചനങ്ങളും നമ്മുടെ മാർമ്മികനായ കർത്താവിനെ ആവിഷ്കരിക്കുകയും വിശദീകരിക്കുകയും നിർവ്വചിക്കുകയും ചെയ്യുന്നു. നമുക്ക് അവനെ അറിയണമെങ്കിൽ, വചനവും, വചനം എങ്ങനെ കൈകാര്യം ചെയ്യണമെന്നും, നാം അറിയണം. എന്നാൽ, മറുവശത്ത്, നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ തക്കസമയത്ത് ചില ജീവനുള്ള വചനങ്ങൾ നമുക്ക് നൽകിക്കൊണ്ട് ആത്മാവ് നമ്മുടെ ഉള്ളിലുണ്ട്. നമുക്ക് ആവശ്യമുള്ളപ്പോൾതന്നെ, നമ്മുടെ ഉള്ളിലുള്ള ആത്മാവ്, നമ്മുടെ പ്രത്യേക കാര്യത്തിനുവേണ്ടി അവസരോചിതമായ വചനം നമുക്ക് നൽകുന്നു. ആന്തരിക റീമ എല്ലായ്പ്പോഴും പുറമേയുള്ള ലോഗോസുമായി ഒത്തിരിക്കുന്നു. ആത്മാവ് സംസാരിക്കുന്ന അകമേയുള്ള റീമ ഒരിക്കലും എഴുതപ്പെട്ട ലോഗോസിൽനിന്ന് വ്യത്യസ്തമായി സംസാരിക്കുകയില്ല. പുറത്തുള്ള ലോഗോസും ആന്തരിക റീമയും എല്ലായ്പ്പോഴും പരസ്പരം ഒത്തിരിക്കുകയും പലപ്പോഴും ആന്തരിക റീമ പുറത്തുള്ള ലോഗോസിനെ വ്യാഖ്യാനിക്കുകയും ചെയ്യുന്നു. ഒരുപക്ഷേ പ്രഭാതത്തിൽ നിങ്ങൾ എഴുതപ്പെട്ട ലോഗോസ് വായിക്കുകയും എന്നാൽ അത് ഗ്രഹിക്കുന്നതിലും നിങ്ങളിൽതന്നെ സജീവമായി പ്രയോഗിക്കുന്നതിലും പരാജയപ്പെടുകയും ചെയ്തേക്കാം. നിങ്ങൾ ജോലി ചെയ്യുമ്പോൾ, ആത്മാവ് ഉള്ളിൽനിന്ന് ശരിയായ അർത്ഥവും ശരിയായ ഊന്നൽപോലും നൽകിക്കൊണ്ട് വചനം മുഖാന്തരം നിങ്ങളെ അഭിഷേകം ചെയ്യുന്നു. ആത്മാവിനാൽ ജീവനുള്ള ഊന്നലോടുകൂടിയ ജീവനുള്ള റീമ നിങ്ങൾ അറിയുന്നു. തത്ഫലമായി, നിങ്ങൾ നിങ്ങളുടെ മനസ്സിൽ ഗ്രഹിക്കുന്നു എന്നു മാത്രമല്ല, നിങ്ങളുടെ ആത്മാവിലും മുഴുവൻ ഗ്രഹിക്കുന്നു. അപ്പോൾ, പുറത്തുള്ള എഴുതപ്പെട്ട വചനം നിങ്ങളുടെ ആത്മാവിലുള്ള ജീവിക്കുന്ന വചനമാകുന്നു. നിങ്ങൾക്ക് അത് അനുഭവിക്കുവാനും നിങ്ങളുടെ ജീവിതത്തിൽ പ്രയോഗിക്കുവാനും കഴിയുന്നു. ഇപ്രകാരം ലോഗോസ് റീമ ആയിത്തീരുന്നു; പുറമേയുള്ള വചനം അകമേയുള്ള വചനമായിത്തീരുന്നു. നമ്മിൽ പൂർണ്ണ സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ട്, അകമേയുള്ള

ജീവനുള്ള റീമയെ നാം ശ്രദ്ധിക്കണം. ജീവനുള്ള വചനത്തിന് നമ്മുടെ ഉള്ളിൽ പൂർണ്ണ സ്വാതന്ത്ര്യം അനുവദിക്കുന്നതിന്, നാം അതിനോടൊപ്പം നീങ്ങണം. അതായത്, ഇപ്പോൾ നമ്മുടെ ഉള്ളിൽ സംസാരിക്കുന്ന ജീവനുള്ള റീമക്ക് നാം വളരെ കീഴ്പ്പെടുന്നവരും അനുസരിക്കുന്നവരും ആയിരിക്കണം. ആന്തരിക റീമയെ ശ്രദ്ധിക്കുന്നത് ജീവനുള്ള കർത്താവിനെ നമ്മുടെ ആത്മാവിൽ നമുക്ക് വളരെ യഥാർത്ഥവാനാക്കും. അത് ക്രിസ്തുവിനെ വളരെ ലഭ്യനും പ്രായോഗികനും ആക്കും. നമ്മെ ആന്തരികമായി ഊർജ്ജസ്വലമാക്കുന്ന കർത്താവിന്റെ നീക്കവും പ്രവർത്തനവും നാം അറിയും.

Wed

### *6. പിതാവ് മഹത്വപ്പെടുവാൻ വളരെ ഫലം കായിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുക*

കർത്താവ് നമ്മുടെ ഉള്ളിൽ നീങ്ങുകയും പ്രവർത്തിക്കുകയും പ്രേരിപ്പിക്കുകയും ശക്തി പകരുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ നാം എന്തു ചെയ്യണം? നാം നിശ്ശബ്ദരായിരിക്കണമോ? അരുത്, എന്തോ പറയുവാൻ നാം നിർബന്ധിതരാകും. ഉള്ളിൽ നമുക്ക് അനുഭവപ്പെടുന്നത് തീർച്ചയായും നമുക്ക് പ്രകടിപ്പിക്കാം. ഇതാണ് ആത്മീയ പ്രാർത്ഥന, ആത്മാവിലുള്ള പ്രാർത്ഥന. ആത്മീയ പ്രാർത്ഥന നമ്മുടെ ഉള്ളിലുള്ള ക്രിസ്തുവിന്റെ നീക്കത്തെ പ്രകടിപ്പിക്കുന്നു. വചനത്തിലും വചനത്തിലൂടെയും വചനമായും ക്രിസ്തു നമ്മുടെ ഉള്ളിൽ നീങ്ങുകയും പ്രവർത്തിക്കുകയും നമ്മെ പ്രേരിപ്പിക്കുകയും ഊർജ്ജസ്വലരാക്കുകയും ചെയ്യുന്നു. ഇതു സംഭവിക്കുമ്പോൾ നമുക്ക് നിശ്ശബ്ദരായിരിക്കുവാൻ കഴിയുകയില്ല. നാമെല്ലാവരും ഇത് അനുഭവിച്ചിട്ടുണ്ട് എന്നു ഞാൻ വിശ്വസിക്കുന്നു. ചിലപ്പോൾ എനിക്ക് രാത്രിയിൽ ഉറങ്ങുവാൻ കഴിയാതെ എന്തോ ഒന്ന് നീങ്ങുകയും എന്നെ ഊർജ്ജസ്വലനാക്കുകയും ചെയ്തതുകൊണ്ട് എനിക്ക് എഴുന്നേൽക്കേണ്ടി വന്നിട്ടുണ്ട്. എനിക്ക് എഴുന്നേറ്റ്,"കർത്താവേ, ഞാൻ ഇവിടെയുണ്ട്. ഞാൻ നിന്നെ സ്തുതിക്കുന്നു"എന്നു പറയേണ്ടിവന്നിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രാർത്ഥന കേവലം നമ്മുടെ അഭിപ്രായം, ആശയം, ചിന്ത, മനോഭാവം, സങ്കല്പം എന്നിവയുടെ പ്രകടനമാണോ? അല്ല, നാം പ്രകടിപ്പിക്കുന്നത് കർത്താവ് ഉള്ളിൽ നീങ്ങുന്നതിനെയും ഊർജ്ജിതപ്പെടുത്തുന്നതിനെയുമാണ്. നമ്മുടെ ഉള്ളിലുള്ളത് പറയുവാനായി ആ നിമിഷംതന്നെ നാം കർത്താവിന്റെ വക്താവായിത്തീരുന്നു.

"നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ; അതു നിങ്ങൾക്കു കിട്ടും," എന്ന് 7-ാം വാക്യത്തിൽ കർത്താവ് പറഞ്ഞു. നാം കർത്താവിൽ വസിക്കുകയും അവന്റെ വചനങ്ങൾ നമ്മിൽ വസിക്കുവാൻ അനുവദിക്കുകയും ചെയ്യുമ്പോൾ വാസ്തവത്തിൽ നാം അവനോട് ഒന്നായിരിക്കുകയും അവൻ നമ്മുടെ ഉള്ളിൽ പ്രവർത്തിക്കുകയും

ചെയ്യുന്നു. അപ്പോൾ, നാം എന്ത് അപേക്ഷിച്ചാലും അത് പ്രാർത്ഥിക്കുന്നവരായ നാം മാത്രമല്ല, നമ്മുടെ പ്രാർത്ഥനയിൽ പ്രാർത്ഥിക്കുന്നവനായ അവനും ആണ്. ഇത്തരത്തിലുള്ള പ്രാർത്ഥന ഫലം കായിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു(വാ.8). അത് തീർച്ചയായും നിറവേറും. ഇത്തരത്തിലുള്ള പ്രാർത്ഥന നമുക്ക് സ്വയമായി പ്രാർത്ഥിക്കുവാൻ കഴിയുകയില്ല. ആത്മാവിലുള്ള ഈ പ്രാർത്ഥന വരുന്നത് ഉള്ളിൽ വസിക്കുന്ന ക്രിസ്തുവിൽനിന്നും ആത്മാവിലൂടെയും അവന്റെ വചനത്താലുമാണ്. നാം കർത്താവിൽ വസിക്കുകയും, നമ്മെത്തന്നെ കർത്താവുമായുള്ള ബന്ധത്തിലും കൂട്ടായ്മയിലും എല്ലായ്പ്പോഴും സൂക്ഷിക്കുകയും, അവന്റെ വചനം മുഖാന്തരം നമ്മുടെ ഉള്ളിൽ ജീവിക്കുവാനും നീങ്ങുവാനും പ്രേരിപ്പിക്കുവാനും ഊർജ്ജിതപ്പെടുത്തുവാനും കർത്താവിനെ അനുവദിക്കുകയും ചെയ്താൽ, നമുക്ക് നമ്മുടെ വായ് അടച്ചുവയ്ക്കുവാൻ കഴിയുകയില്ല. നമുക്ക് ചിലത് ഉച്ചരിക്കേണ്ടിവരും. നാം പറയുന്നത് ആത്മാവിലുള്ള യഥാർത്ഥ പ്രാർത്ഥനയായിരിക്കും. ഇത് ഉള്ളിൽ വസിക്കുന്ന ക്രിസ്തുവിന്റെ ആവിഷ്കാരമാണ്; അവൻ ആത്മാവ് എന്ന നിലയിൽ തന്റെ വാക്കുകൾ സംസാരിക്കുകയാണ്.

കർത്താവിന്റെ വചനം നമ്മിൽ വസിക്കുമ്പോൾ, അവന്റെ ആശയവിനിമയമികവും ആവിഷ്കാരശൈലിയും നമ്മിൽ വസിക്കും. അതുകൊണ്ട്,"നമുക്ക് ഇച്ഛിക്കുന്നത് എന്തെങ്കിലും"നമുക്ക് അപേക്ഷിക്കാം. നമുക്ക് കർത്താവിൽനിന്നു ലഭിച്ചത് നാം പ്രാർത്ഥനയിലൂടെ പ്രകടിപ്പിക്കുകയും, അത് നമുക്ക് ലഭിക്കുകയും ചെയ്യുന്നു. ഈ പ്രാർത്ഥന മാനുഷിക, സ്വാഭാവിക പ്രാർത്ഥനയല്ല; ഇത് ദിവ്യ പ്രാർത്ഥന, ദിവ്യ ആശയവിനിമയത്തിന്റെ ആവിഷ്കാരം ആണ്. കർത്താവ് നമ്മിൽ അവന്റെ ചിന്തകളും താല്പര്യങ്ങളും ഉദ്ദേശ്യങ്ങളും ഇച്ഛയും പ്രകടിപ്പിച്ചുകൊണ്ട് വസിക്കുമ്പോൾ, നാം അവന്റെ വചനം സ്വീകരിച്ച് അത് പ്രാർത്ഥനയിലൂടെ പ്രകടിപ്പിക്കുന്നു. ഇത്തരത്തിലൂള്ള പ്രാർത്ഥന വളരെ ദിവ്യമാണ്, കാരണം അത് നമ്മിൽ വസിക്കുകയും അവനെത്തന്നെ നമ്മോട് അറിയിക്കുകയും ചെയ്യുന്നവന്റെ ഇച്ഛയുടെയും താല്പര്യത്തിന്റെയും മനസ്സിന്റെയും ഭാഷണവും ആവിഷ്കാരവുമാണ്.

"നിങ്ങൾ വളരെ ഫലം കായിക്കുന്നതിനാൽ എന്റെ പിതാവ് മഹത്വപ്പെടുന്നു; അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും,"എന്ന് 8-ാം വാക്യം പറയുന്നു. 7-ാം വാക്യത്തിലെ പ്രാർത്ഥന 8-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്ന ഫലംകായിക്കുന്നതിനോടും പിതാവിന്റെ മഹത്വപ്പെടലിനോടും ബന്ധപ്പെട്ടിരിക്കുന്നു. അധികം ഫലം കായിക്കുവാനും അങ്ങനെ പിതാവ് മഹത്വപ്പെടുവാനും, അതായത് പുത്രനിൽ ആവിഷ്കരിക്കപ്പെടുവാനും, നാം പ്രാർത്ഥിക്കേണ്ടത് ആവശ്യമാണ്.

ഫലം കായിക്കുന്നതിൽ പിതാവിന്റെ ദിവ്യജീവൻ വെളിപ്പെടുകയും, അതിനാൽ അവൻ മഹത്വപ്പെടുകയും ചെയ്യുന്നു. പിതാവ് ആവിഷ്കരിക്കപ്പെടുമ്പോൾ മാത്രമേ അവൻ മഹത്വപ്പെടുന്നുള്ളൂ. മഹത്വപ്പെടുക എന്നതിന്റെ അർത്ഥം എന്താണെന്ന് വിദ്യുച്ഛക്തികൊണ്ട് വിശദീകരിക്കാം. ആവിഷ്കരിക്കപ്പെടാത്ത വിദ്യുച്ഛക്തി മഹത്വപ്പെടാത്ത വിദ്യുച്ഛക്തിയാണ്. വിദ്യുച്ഛക്തി ആവിഷ്കരിക്കപ്പെടുമ്പോൾ മാത്രമേ അത് മഹത്വപ്പെടുന്നുള്ളൂ. ഒരു ബൾബിലുള്ള വിദ്യുച്ഛക്തി മഹത്വപ്പെടുന്നത് അത് ആവിഷ്കരിക്കപ്പെടുന്നതുകൊണ്ടാണ്. അതുപോലെ, മുന്തിരിവള്ളിയും ശാഖകളുമായ ജൈവവസ്തു ഫലം കായിക്കുന്നതിൽ പിതാവിന്റെ ദിവ്യജീവൻ, ആവിഷ്കരിക്കുമ്പോൾ, അവൻ മഹത്വപ്പെടുന്നു.

യഥാർത്ഥമായ പ്രാർത്ഥനയ്ക്കു പിന്നാലെ നമ്മുടെ ജീവിതവും നടപ്പും ഉണ്ടായിരിക്കണം. നമ്മുടെ ജീവിതവും നടപ്പും പ്രവർത്തനവും എല്ലായ്പ്പോഴും നമ്മുടെ പ്രാർത്ഥനയെ പിന്തുടരുന്നു. നാം പ്രാർത്ഥിക്കുന്ന രീതി അനുസരിച്ച് നാം പ്രവർത്തിക്കുകയും ജീവിക്കുകയും ജോലിചെയ്യുകയും വേണം. ഇത് വളരെ അഗാധമാണ്. കർത്താവ് നമ്മിൽ വസിക്കുമ്പോൾ, അവൻ അവനെത്തന്നെയും അവന്റെ ചിന്തയും അവന്റെ താല്പര്യവും അവന്റെ ഉദ്ദേശ്യവും നമുക്ക് പ്രകാശിപ്പിച്ചുതരുന്നു. നാം ഇത് പ്രാർത്ഥനയിൽ പറയുകയും നാം പ്രാർത്ഥിക്കുന്നതിന് അനുസൃതമായി പ്രവർത്തിക്കുകയും ജീവിക്കുകയും നടക്കുകയും ചെയ്യുമ്പോൾ, ദൈവം ആവിഷ്കരിക്കപ്പെടുകയും മഹത്വപ്പെടുകയും ചെയ്യും.

നിവസിക്കുന്നതിനുവേണ്ടി നാം കർത്താവിന്റെ വചനത്തിന്റെ രണ്ടു വശങ്ങൾ ശ്രദ്ധിക്കണം-അകമേയുള്ള വചനവും പുറമേയുള്ള വചനവും. നാം പുറമേയുള്ള വചനത്തിലൂടെ അത് നമ്മുടെ അകമേയുള്ള സംസാരമാകത്തക്കവണ്ണം കർത്താവിനെ സ്പർശിക്കണം. നാം ബന്ധപ്പെടുന്ന എഴുതപ്പെട്ട രൂപത്തിലുള്ള പുറമേയുള്ള വചനം നമ്മുടെ ആത്മാവിൽ അകമേയുള്ള വചനമായിത്തീരുന്നു. അപ്പോൾ കർത്താവ് ഈ ജീവനുള്ള വചനത്തിലൂടെ അവനെത്തന്നെ പ്രകടിപ്പിക്കുകയും നാം കർത്താവിന്റെ ഹിതവും ഉദ്ദേശ്യവും താല്പര്യവും ചിന്തയും അറിയുകയും ചെയ്യുന്നു. നാം കർത്താവിന്റെ ചിന്ത നമ്മുടെ പ്രാർത്ഥനയിൽ ഉച്ചരിക്കത്തക്കവണ്ണം നാമും കർത്താവും ഒന്നായിത്തീരുന്നു. നാം പ്രാർത്ഥിക്കുന്നതായ പ്രാർത്ഥനകൾ, നാം ജീവിക്കുകയും നടക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ജീവിതമാകും. ഈ പ്രാർത്ഥനകൾ പിതാവായ ദൈവത്തിന്റെ ആവിഷ്കാരം, പൂർണ്ണ വെളിപ്പാട് ആയിരിക്കും. പിതാവായ ദൈവം നമ്മിലൂടെ ആവിഷ്കരിക്കപ്പെടുകയും മഹത്വപ്പെടുകയും ചെയ്യും.

നാം തുടരുന്നതിനു മുമ്പ്, ബൈബിൾ വായിക്കുന്നതിനെക്കുറിച്ച് എനിക്കൊരു വാക്ക് പറയുവാനുണ്ട്. നാം പലപ്പോഴും പുതിയ വിശ്വാസികളെ വചനം പരമാവധി വായിക്കുവാൻ ഉപദേശിക്കുന്നുണ്ട്. എന്നാൽ, ചിലർ വളരെ കൂടുതലായി തിരുവെഴുത്തുകൾ വായിക്കുന്നത് നന്നല്ല, കാരണം അത് അവരിലേക്കുതന്നെ ക്രമത്തിലധികം ഭക്ഷണം കുത്തിനിറയ്ക്കുന്നതുപോലെയാണ്. അനേക ക്രിസ്ത്യാനികളും വളരെയേറെ വചനം സംഭരിച്ചിട്ടുണ്ട്. എന്നാൽ വളരെക്കുറച്ചുമാത്രമേ ദഹിച്ചിട്ടുള്ളൂ. ഇപ്പോൾ അവർക്ക് വചനം ഓരോ ദിവസവും കുറേശ്ശ കുറേശ്ശയായി ഗ്രഹിക്കേണ്ട സമയമാണ്. വാക്യം വാക്യമായും, ഉപവാക്യം ഉപവാക്യമായും, ശൈലി ശൈലിയായും, വാക്കു വാക്കായിപോലും നാം വചനം കൊണ്ടും വചനം വച്ചും, നാം വായിക്കുന്നത് ഗ്രഹിച്ചുകൊണ്ട് പ്രാർത്ഥിക്കണം. വായിക്കുന്ന വചനങ്ങൾ വച്ച് നാം പ്രാർത്ഥിക്കുന്നുവെങ്കിൽ, ആത്മീയ പോഷണം ഉണ്ടാവുകയും നാം ആത്മാവിൽ പോഷണം പ്രാപിക്കുകയും ബലപ്പെടുകയും ചെയ്യും.

### *7. നാം അവന്റെ സ്നേഹത്തിൽ വസിക്കുവാൻ അവന്റെ തത്സമയവചനങ്ങൾ അനുസരിച്ചുകൊണ്ട് പുത്രന്റെ കല്പനകൾ പാലിക്കുക*

നാം അവന്റെ സ്നേഹത്തിൽ വസിക്കുവാൻ അവന്റെ തത്സമയവചനങ്ങൾ അനുസരിച്ചുകൊണ്ട് പുത്രന്റെ കല്പനകൾ നാം പാലിക്കണം (വാ.10–11). ഒന്നാമത്, നാം അവനിൽ വസിക്കുകയും അവൻ നമ്മിൽ വസിക്കുകയും ചെയ്യുന്നു. പിന്നെ, അവന്റെ വചനം നമ്മിൽ വസിക്കുകയും നാം അവന്റെ സ്നേഹത്തിൽ വസിക്കുകയും ചെയ്യുന്നു. നാം അവനിൽ വസിക്കുകയും പിന്നെ നാം അവന്റെ സ്നേഹത്തിൽ വസിക്കുകയും ചെയ്യുന്നു. ഒരു വശത്ത്, നാം കർത്താവിൽതന്നെ വസിക്കണം; മറുവശത്ത്, നാം അവന്റെ സ്നേഹത്തിൽ വസിക്കണം. കർത്താവ് നമ്മിൽ അവന്റെ നിവാസം തുടരുന്നതിനുവേണ്ടി കർത്താവിന്റെ വചനം നമ്മിൽ വസിക്കുവാൻ നാം അനുവദിക്കണം എന്നതുപോലെതന്നെ അതേ തത്ത്വത്തിൽ കർത്താവിൽ തുടർന്നു വസിക്കുന്നതിനായി നാം കർത്താവിന്റെ സ്നേഹത്തിൽ വസിക്കണം. കർത്താവിന്റെ സ്നേഹത്തിന്റെ പുതുമയും മാധുര്യവും മൃദുലതയും നിങ്ങൾ അറിയുന്നില്ലെങ്കിൽ, നിങ്ങൾ അവനിൽ തുടർന്ന് വസിക്കുവാൻ ശ്രമിച്ചാലും വിജയിക്കുകയില്ലെന്ന് ഞാൻ ആശങ്കപ്പെടുന്നു. കർത്താവിൽ തുടർന്ന് വസിക്കുന്ന കാര്യം സ്നേഹത്തിന്റെ കാര്യമാണ്. അവന്റെ സ്നേഹം വളരെ പുതുമയുള്ളതും മധുരവും നവ്യവും ആണെന്ന് നിങ്ങൾ അനുഭവിക്കുകയും അറിയുകയും വേണം. അവനിലുള്ള നമ്മുടെ വാസം നിലനിറുത്തുവാൻ കഴിയുന്നതിന് നാം അവന്റെ സ്നേഹത്തിൽ വസിക്കണം. ഉദാഹരണത്തിന്, രണ്ടു സഹോദര

ന്മാർക്ക് അന്യോന്യം സ്നേഹത്തിന്റെ അനുഭവമില്ലെങ്കിൽ, അവർക്കെങ്ങനെ ഉറ്റ കൂട്ടായ്മ നിലനിറുത്തുവാൻ കഴിയും? അതുപോലെ, നമുക്ക് കർത്താവുമായി കൂട്ടായ്മയിൽ വസിക്കുവാൻ കഴിയുന്നതിന് നാം അവന്റെ സ്നേഹത്തിൽ വസിക്കുകയും അവന്റെ സ്നേഹം അറിയുകയും വേണം. ഇതു വായിക്കുമ്പോൾ,"സഹോദരാ, ഞാൻ അവന്റെ സ്നേഹം അറിയുന്നില്ല"എന്ന് ഒരുപക്ഷേ നിങ്ങൾ പറയുമായിരിക്കും. ഇതാണ് നിങ്ങളുടെ അവസ്ഥയെങ്കിൽ, നിങ്ങൾ ഇങ്ങനെ പ്രാർത്ഥിക്കണം:"കർത്താവേ, എന്നോട് കരുണ തോന്നണമേ. ഈ ദിവസങ്ങളിൽ നിന്റെ സ്നേഹം ഞാൻ അറിയാത്തത് എന്തുകൊണ്ടാണ്? കർത്താവേ, എന്തുകൊണ്ടാണ്?"നിങ്ങൾ ഇപ്രകാരം പ്രാർത്ഥിക്കുകയാണെങ്കിൽ, നിങ്ങൾ കർത്താവിന്റെ പുതുമയുള്ള സ്നേഹം അനുഭവിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. അവന്റെ സ്നേഹം നിങ്ങൾക്ക് വളരെ ഉത്സാഹജനകമായിരിക്കും. അപ്പോൾ നിങ്ങൾ കർത്താവിന്റെ സ്നേഹത്തിൽ വസിക്കും. ഇതു നിങ്ങളെ കർത്താവിൽതന്നെ തുടർച്ചയായി വസിക്കുവാൻ ഇടയാക്കും.

നമുക്ക് കർത്താവിന്റെ സ്നേഹത്തിൽ വസിക്കണമെങ്കിൽ, നാം അവന്റെ കല്പനകൾ പാലിക്കണം. നാം കർത്താവിൽ വസിക്കുമ്പോൾ, അവൻ നമ്മുടെ ഉള്ളിൽ തന്റെ തത്സമയ വചനങ്ങൾ സംസാരിക്കും. ഈ വചനങ്ങൾ നമ്മോടുള്ള അവന്റെ കല്പനകളാണ്. നാം അവ പാലിക്കുകയാണെങ്കിൽ, അതിനർത്ഥം നാം അവനെ സ്നേഹിക്കുന്നു എന്നാണ്. അങ്ങനെ നാം അവന്റെ സ്നേഹത്തിൽ വസിക്കും. ഒന്നാമത്, കർത്താവ് നമ്മിൽ വസിക്കുന്നു. പിന്നെ അവന്റെ വചനം നമ്മിൽ വസിക്കുന്നു. ഒന്നാമത്, അവൻ സ്വയമായി നമ്മോട് ഇടപെടുന്നു. പിന്നെ, അവൻ തന്റെ വചനത്താലും അവന്റെ സ്നേഹത്താലും നമ്മോട് ഇടപെടുന്നു. ഇത് വളരെ അർത്ഥപൂർണ്ണമാണ്. ഒന്നാമത്, അവൻ നമ്മിൽ വസിക്കുകയും, പിന്നെ അവന്റെ വചനം നമ്മിൽ വസിക്കുകയും ചെയ്യുന്നു. ഒന്നാമത്, നാം അവനിൽ വസിക്കുകയും പിന്നെ നാം അവന്റെ സ്നേഹത്തിൽ വസിക്കുകയും ചെയ്യുന്നു. രണ്ടു സുഹൃത്തുക്കളെ ഉദാഹരണമായി എടുക്കുക. അത്തരം ഒരു സുഹൃത്ബന്ധത്തിൽ, ഒരു സുഹൃത്ത് മറ്റേയാളുടെ വാക്ക് ശ്രദ്ധിക്കണം. അത് ഇനിമേൽ സുഹൃത്തിനെ സംബന്ധിക്കുന്ന കാര്യം മാത്രമല്ല, അവന്റെ വാക്കിനെയും സംബന്ധിക്കുന്ന കാര്യമാണ്. ഒരു സുഹൃത്ത് മറ്റേയാളുടെ വാക്ക് ശ്രദ്ധിക്കുന്നില്ലെങ്കിൽ, അവന് സുഹൃത്ബന്ധം നഷ്ടമാകും. എന്നാൽ അവൻ തന്റെ സുഹൃത്തിന്റെ വാക്ക് ഗൗനിക്കുന്നുവെങ്കിൽ ക്രമേണ അവൻ സ്വയം തന്റെ സുഹൃത്തിന്റെ സ്നേഹത്തിലാണെന്ന് കണ്ടെത്തും. ഇത് സ്നേഹബന്ധത്തെ കൂടുതൽ ദൃഢമാക്കുകയും തീവ്രവത്ക്കരിക്കുകയും ചെയ്ത് ആക്കം വർദ്ധിപ്പിക്കും. എന്നാൽ, ഒരുവൻ മറ്റവന്റെ വാക്ക് ശ്രദ്ധിക്കുന്നില്ലെങ്കിൽ,

അവൻ മറ്റവനുമായുള്ള ഉറ്റസ്നേഹത്തിൽ ആകാതെ, ഒടുവിൽ സ്നേഹബന്ധം തകർന്നുപോകും.

തുടക്കത്തിൽ, നാം കർത്താവിൽ വസിക്കുകയും അവൻ നമ്മിൽ വസിക്കുകയും ചെയ്യുന്നു. അവൻ വസിക്കുമ്പോൾ, അവൻ തന്റെ തത്സമയവചനം നമ്മോട് സംസാരിക്കുന്നു. നാം ഈ വചനം കാക്കുകയും. നാം അവന്റെ വചനം പാലിക്കുമ്പോൾ, അതിനർത്ഥം നാം അവന്റെ വചനം നമ്മിൽ വസിക്കുവാൻ അനുവദിക്കുന്നു എന്നാണ്. അപ്പോൾ അവൻതന്നെ നമ്മിൽ വസിക്കുന്നു എന്നു മാത്രമല്ല, അവന്റെ വചനവും നമ്മിൽ വസിക്കുന്നു. നാം അവന്റെ വചനം പാലിക്കുകയും അത് നമ്മിൽ വസിക്കുവാൻ അനുവദിക്കുകയും ചെയ്യുമ്പോൾ, നാം പെട്ടെന്നുതന്നെ അവന്റെ സ്നേഹത്തിലേക്ക് വരുകയും അവന്റെ സ്നേഹത്തിൽ വസിക്കുകയും ചെയ്യുന്നു. നാം അവനിൽ മാത്രമല്ല, അവന്റെ സ്നേഹത്തിലും വസിക്കുന്നു. ഈ നിവാസം കൂടുതൽ ദൃഢവും ആഴവും തീവ്രതയും ഉള്ളതായിത്തീരുന്നു. ഇത്തരം ദൃഢമായ വിധത്തിൽ നാം അവനിൽ വസിക്കുന്നില്ലെങ്കിൽ, വസിക്കുന്നതിൽനിന്ന് നാം ക്രമേണ അശേഷം മാറിപ്പോയേക്കാം. കർത്താവ് എപ്പോഴും സംസാരിക്കുന്നു. നിങ്ങൾ അവനെ നിങ്ങളിൽ വസിക്കുവാൻ അനുവദിച്ചാൽ, അവൻ തുടർച്ചയായി നിങ്ങളോട് സംസാരിക്കും. അവൻ സംസാരിക്കുമ്പോൾ“ആമേൻ, കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു”എന്ന് നിങ്ങൾ പറയണം. നിങ്ങൾ ആമേൻ പറയുകയും അവന്റെ വചനങ്ങൾ കാക്കുകയും ചെയ്യുമ്പോൾ, അവൻ നിങ്ങൾക്ക് വളരെ പ്രിയനും വിലയേറിയവനും സ്നേഹയോഗ്യനും ആണെന്ന മധുരാനുഭൂതിയോടുകൂടെ നിങ്ങൾ അവന്റെ സ്നേഹത്തിലേക്ക് പ്രവേശിക്കും. ഈ ഘട്ടത്തിൽ, നിങ്ങൾ അവനിൽ മാത്രമല്ല, അവന്റെ സ്നേഹത്തിലും വസിക്കുന്നു.

കർത്താവിന്റെ സ്നേഹത്തിൽ വസിച്ചുകൊണ്ട് നാം അവനിൽ വസിക്കുകയും, അവന്റെ വചനം നമ്മിൽ വസിക്കുന്നതിനാൽ കർത്താവ് നമ്മിൽ വസിക്കുകയും ചെയ്യുന്നുവെങ്കിൽ, നമുക്ക് കർത്താവുമായി ഒരു ഉറ്റ കൂട്ടായ്മ ഉണ്ടായിരിക്കും. ഈ കൂട്ടായ്മയിൽനിന്ന് നമുക്ക്, നമ്മുടെ ഉള്ളിൽ വസിക്കുന്ന ജീവനുള്ള കർത്താവിന്റെ ആവിഷ്കാരമായ ആത്മാവിലുള്ള ഒരു പ്രാർത്ഥനയുണ്ടായിരിക്കും. ഈ രീതിയിൽ പ്രാർത്ഥിക്കുന്നതിനാൽ പിതാവ് ആവിഷ്കരിക്കപ്പെടുകയും മഹത്വപ്പെടുകയും ചെയ്യുന്നുവെന്ന് നമുക്ക് അറിയുവാനാകും. നാം എപ്പോഴും ദൈവത്തെ മഹത്വപ്പെടുത്തുന്നതിനെക്കുറിച്ച് സംസാരിക്കും, എന്നാൽ എങ്ങനെയാണ് നാം ദൈവത്തെ മഹത്വപ്പെടുത്തുക? അത് കർത്താവിന്റെ സ്നേഹത്തിൽ വസിക്കുന്നതുകൊണ്ടും കർത്താവിന്റെ വചനം നമ്മിൽ വസിക്കുവാൻ അനുവദിക്കുന്നതുകൊണ്ടും ആണ്. അപ്പോൾ പിതാവായ ദൈവം നമ്മിലൂടെ ആവിഷ്കരിക്കപ്പെ

ടുകയും പുത്രനിൽ മഹത്വപ്പെടുകയും ചെയ്യും. ദൃഢവും തീവ്രവുമായ ഈ വാസത്തിൽനിന്ന് കുലകളായി ഫലം ഉളവാകും, കാരണം നാം കർത്താവിന്റെ ജീവന്റെ സർവ്വ ഐശ്വര്യങ്ങൾകൊണ്ടും നിറഞ്ഞിരിക്കുന്നു. ജീവന്റെ സമൃദ്ധിയുടെ ഈ കവിഞ്ഞൊഴുക്ക് വളരെ പ്രബലമായതിനാൽ അത് ഫലം കായിക്കുകയും പിതാവായ ദൈവം പുത്രനിൽ ആവിഷ്കരിക്കപ്പെടുകയും മഹത്വപ്പെടുകയും ചെയ്യും.

### *8. പൂർണ്ണസന്തോഷത്തോടുകൂടെ*

പിതാവിന്റെ മഹത്വത്തിനുവേണ്ടി കർത്താവിന്റെ ജീവന്റെ ഐശ്വര്യങ്ങൾ ആവിഷ്കരിക്കുന്നതിന് വളരെ ഫലം കായിക്കത്തവണ്ണം നാം കർത്താവിൽ വസിക്കുകയും അവന്റെ സ്നേഹത്തിൽ വസിച്ചുകൊണ്ട് അവനിൽ തുടർന്ന് വസിക്കുകയും ചെയ്താൽ നാം സന്തോഷംകൊണ്ട് നിറയും. നമ്മുടെ സന്തോഷം എപ്പോഴും, നാം കർത്താവിൽ വസിക്കുന്നതിൽനിന്നും അവന്റെ സ്നേഹത്തിൽ നാം വസിക്കുന്നതിൽനിന്നും അവന്റെ സമ്പന്നജീവനിലുള്ള നമ്മുടെ ഫലംകായിക്കലിൽനിന്നും പിതാവിന്റെ ആവിഷ്ക്കാരത്തിൽനിന്നും മഹത്വപ്പെടലിൽനിന്നും വരുന്നു. ഇത്തരത്തിലുള്ള ജീവനിലാണ് നാം സന്തോഷം നിറഞ്ഞവരാകുന്നത്.

യോഹന്നാൻ 15-ലുള്ള വാസം നാം കണ്ടു. യോഹന്നാൻ 15-ന്റെ തുടർച്ചയാണ് റോമർ 8. റോമർ 8 ഇല്ലാതെ കർത്താവിൽ വസിക്കുന്നത് തുടർച്ചയായി നിലനിറുത്തുവാൻ നമുക്ക് പ്രയാസമായിരിക്കും. കർത്താവിൽ വസിക്കുന്നത് സ്ഥിരമായി നിലനിറുത്തുവാനുള്ള മാർഗ്ഗം നമ്മുടെ മനസ്സ് ആത്മാവിൽ ഉറപ്പിക്കുകയാണ്(റോമ.8:6). റോമർ 8-ലെ ആത്മാവിൽ മനസ്സുറപ്പിക്കുന്നത്, യോഹന്നാൻ 15-ലെ കർത്താവിൽ വസിക്കുന്നതിന്റെ വികാസമാണ്. റോമർ 8 ഇല്ലാതെ യോഹന്നാൻ 15 മാത്രമാണ് നമുക്ക് ഉള്ളതെങ്കിൽ, നമുക്കിപ്പോഴും കർത്താവിൽ തുടർച്ചയായി വസിക്കുന്നതിനുള്ള മാർഗ്ഗമില്ല. റോമർ 8-ൽ നമുക്ക് ജീവന്റെ ആത്മാവായും(വാ.2) ഉള്ളിൽ വസിക്കുന്ന ആത്മാവായും നമ്മുടെ ആത്മാവിൽ ജീവനോടുകൂടെ ക്രിസ്തുവുണ്ട്. കർത്താവിൽ വസിക്കുന്നത് നിലനിറുത്തുവാനുള്ള മാർഗ്ഗം നമ്മുടെ ആത്മാവിന്റെ ഉള്ളിൽ വസിക്കുന്ന ജീവൻനൽകുന്ന ആത്മാവായ കർത്താവിനെ അനുഭവമാക്കത്തക്കവണ്ണം നമ്മുടെ ദേഹിയുടെ പ്രധാനഭാഗമായ മനസ്സ് നമ്മുടെ ആത്മാവിൽ ഉറപ്പിക്കുക എന്നതാണ്.